മെട്രോ വാർത്ത

19 September 2017

# തേനീച്ച കോളനി സ്ഥാപിക്കാൻ പരിശീലനവുമായി കൃഷിവിജ്ഞാന കേന്ദ്രം

കൊച്ചി: ലോക തേനീച്ച ദിനമായ ഇന്ന് സിഎംഎഫ്ആർഐയുടെ കീഴിൽ പ്രവർത്തിക്കുന്ന എറണാകുളം കൃഷി വിജ്ഞാന കേന്ദ്രം (കെവികെ) ബോധവത്കരണ ശിൽപശാല സംഘടിപ്പിക്കും. ഭക്ഷ്യഭദ്രത ഉറപ്പ് വരുത്തുന്നതിനും സുസ്ഥിര കാർഷിക വികസനത്തിനും തേനീച്ചകളുടെ പങ്ക് ബോധ്യപ്പെടുത്തുകയും തേനീച്ച വളർത്തലിലും സംരക്ഷണത്തിലും കർഷകർക്ക് പരിശീലനം നൽകലുമാണു പരിപാടിയുടെ ലക്ഷ്യം. കോതമംഗലം സംസ്കാര ഓഡിറ്റോറിയത്തിൽ രാവിലെ 10ന് ആന്റണി ജോൺ എംഎൽഎ പരിപാടി ഉദ്ഘാടനം ചെയ്യും.

മനുഷ്യൻ കഴിക്കുന്ന ഭക്ഷണത്തിന്റെ മൂന്നിലൊരു ഭാഗം ഉത്പാദിപ്പിക്കാൻ സഹായകരമാകുന്നത് തേനീച്ചകളുടെ പരാഗണമാണെന്നാണ് കൃഷി വിജ്ഞാന കേന്ദ്രത്തിലെ വിദഗ്ധർ പറയുന്നു.

ഇവയുടെ പരാഗണത്തിലൂടെ കാർഷിക വിളകളിൽ വർധനവുണ്ടാകുമെന്നാണ് ശാസ്ത്രപക്ഷം. എന്നാൽ തേനീച്ചകളുടെ ഇത്തരം ധർമ്മങ്ങളെക്കുറിച്ച് ഭൂരിഭാഗം പേരും അജ്ഞരാണെന്ന് എറണാകുളം കെവികെ മേധാവി ഡോ. ഷിനോജ് സുബ്രഹ്മണ്യൻ പറഞ്ഞു. ഭക്ഷ്യോത്പാദനത്തിൽ തേനീച്ചകളുടെ പങ്കിനെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധമുണ്ടാക്കുന്നതിനും ഇവയെ വളർത്തുന്നതിനും സംരക്ഷിക്കുന്നതിനും പരിശീലനം നൽകുന്നതിനുമാണ് ലോക തേനീച്ച ദിനത്തിൽ കെവികെ ശിൽപശാല നടത്തുന്നത്. ചെറുതേനീച്ചകളുടെ കോളനി സ്ഥാപിക്കൽ, തേനീച്ച കോളനികളുടെ കൊഴിഞ്ഞുപോക്ക് തടയൽ എന്നീ വിഷയങ്ങളിൽ വിദഗ്ധർ ക്ലാസുകൾ നയിക്കും. എ